

# ജന പങ്കാളിത്തത്തോടെ പൊതു വിദ്യാഭ്യാസം

കെ.സി.ഹരികൃഷ്ണൻ

കേരളത്തിന്റെ സർവനേട്ടത്തിനും അടിത്തറയായ പൊതുവിദ്യാഭ്യാസ മേഖല, എല്ലാ തിരിച്ചടിയും അതിജീവിച്ച് ചരിത്രനേട്ടത്തിലേക്ക് കുതിക്കുകയാണ്. പൊതുവിദ്യാഭ്യാസ മേഖലയുടെ ഗതകാലപ്രതാപം വീണ്ടെടുക്കാനുള്ള ഈ ജനകീയപദ്ധതിക്ക് നേതൃത്വം നൽകുന്ന ഇടതുപക്ഷ സർക്കാരിന് വമ്പിച്ച ജനപിന്തുണയും സഹായവും ആവശ്യമാണ്. എല്ലാ വിഭാഗം ആളുകളുടെയും പങ്കാളിത്തത്തോടെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിജയിപ്പിക്കുക എന്ന ചരിത്രദൌത്യം അധ്യാപകസമൂഹം ഏറ്റെടുക്കുകയാണ്.

വിദ്യാഭ്യാസരംഗത്ത് പുരോഗമനാശയങ്ങൾ കടന്നുവരുന്നത് പാരമ്പര്യവാദികൾക്കും വിപണിയുടെ കാവൽഭടന്മാർക്കും കച്ചവടതാൽപ്പര്യം വച്ചുപുലർത്തുന്നവർക്കും ഭീഷണിയാണ്. അതുകൊണ്ടാണ് ഇക്കൂട്ടർ ഇപ്പോൾ ഉറഞ്ഞുതുള്ളുന്നത്. അതിന് എല്ലാ ഒത്താശയും വലതുപക്ഷ രാഷ്ട്രീയക്കാർ നൽകുകയും ചെയ്യുന്നുണ്ട്. 1957 ലെ ഒന്നാമത്തെ കമ്യൂണിസ്റ്റ് സർക്കാരെടുത്ത ധീരമായ നിലപാട് കേരളത്തിൽ വലിയ മാറ്റങ്ങൾക്കാണ് തുടക്കംകുറിച്ചത്. പ്രത്യേകിച്ചും വിദ്യാഭ്യാസമേഖലയിൽ. സ്വകാര്യ മാനേജർമാരുടെ ചൂഷണങ്ങൾക്ക് അറുതിവരുത്തി. വിദ്യാഭ്യാസരംഗത്ത് ഒരുപരിധിവരെ സാമൂഹ്യനിയന്ത്രണം നടപ്പാക്കി. 1967 ൽ വീണ്ടും അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാർ ഇരുന്നൂറോളം പൊതുവിദ്യാലയങ്ങൾ അനുവദിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കി. 1980-82 ൽ അധികാരത്തിലെത്തിയ ഇടതുപക്ഷ സർക്കാർ പഞ്ചായത്തുതോറും ഹൈസ്കൂളുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യമിട്ട് 274 സർക്കാർ ഹൈസ്കൂൾ രണ്ടുവർഷംകൊണ്ട് അനുവദിച്ചു.

എന്നാൽ, വലതുപക്ഷ സർക്കാരുകൾ അധികാരത്തിൽ ഇരുന്നപ്പോഴെല്ലാം പൊതുവിദ്യാലയങ്ങളല്ല പകരം അൺ എയ്ഡഡ് സ്ഥാപനങ്ങൾ അനുവദിക്കാനുള്ള വ്യഗ്രതയാണ് കാണിച്ചത്. 1970 മുതൽ 30 വർഷത്തെ കോൺഗ്രസ് മുന്നണികളുടെ കാലത്ത് 1018 അൺ എയ്ഡഡ് സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയത്. ആയിരക്കണക്കിന് സിബിഎസ്ഇ, ഐസിഎസ്ഇ വിദ്യാലയങ്ങൾക്ക് അനുമതിയും ഇവർ നൽകി. ഇടതുപക്ഷ സർക്കാരുകൾ പൊതുവിദ്യാലയങ്ങൾ ആരംഭിക്കുകമാത്രമല്ല, അവയുടെ ഗുണമേന്മ• ഉറപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പാക്കിയിരുന്നു. 1990-91 ലെ ജില്ലാ കൌൺസിലുകളുടെ മുഖ്യപ്രവർത്തനം വിദ്യാഭ്യാസമേഖലയിലായിരുന്നു. 1991 നുശേഷം എസ്എസ്എൽസി പരീക്ഷാഫലത്തിലുണ്ടായ പുരോഗതി ഈ മാറ്റം വ്യക്തമാക്കുന്നു. 1989 മുതൽ ഇടതുപക്ഷ സർക്കാർ നടപ്പാക്കിയ സമ്പൂർണ സാക്ഷരതായജ്ഞത്തിന്റെ ഭാഗമായി കേരളം സമ്പൂർണസാക്ഷരത നേടി.

എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം പ്രസ്തുത ഘട്ടത്തിലും മരീചികയായി തുടർന്നു. ഈ പ്രതിസന്ധി മറികടക്കാനുള്ള ധീരമായ കാൽവയ്പായിരുന്നു '97 ലെ എൽഡിഎഫ് സർക്കാർ ആരംഭിച്ച പാഠ്യപദ്ധതി പരിഷ്കരണം. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സജീവമായ ഇടപെടലും പങ്കാളിത്തവും പാഠ്യപദ്ധതി പരിഷ്കരണത്തിന് ഉണ്ടായിരുന്നു. ദേശീയതലത്തിൽതന്നെ അംഗീകാരം പിടിച്ചുപറ്റിയ ഈ പാഠ്യപദ്ധതിയെ തകർക്കാനാണ് അന്ന് യുഡിഎഫ് സർക്കാർ നേതൃത്വം നൽകിയത്. പാഠ്യപദ്ധതിയെ ബോധപൂർവം കുറ്റംപറയുകയും അതിന്റെ മറവിൽ ധാരാളം അൺ എയ്ഡഡ് സ്കൂളുകൾക്കും സിബിഎസ്സി സ്ഥാപനങ്ങൾക്കും അംഗീകാരം നൽകുകയും പൊതുധാരയെ ആക്രമിക്കാൻ കച്ചവടശക്തികൾക്ക് വേണ്ടുന്ന സൌകര്യം ചെയ്തുകൊടുക്കുകയുമാണ് യുഡിഎഫ് സർക്കാർ ചെയ്തത്

2001-06 ലെ യുഡിഎഫ് ഭരണം ആരും മറക്കാനിടയില്ല. ലാഭനഷ്ടക്കണക്കുകൾ പറഞ്ഞ് രണ്ടായിരത്തഞ്ഞൂറിലേറെ പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടാൻ തീരുമാനമെടുത്തത് ഈ ഘട്ടത്തിലാണ്. ഒരുഭാഗത്ത് പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടാൻ തീരുമാനിക്കുമ്പോൾത്തന്നെ, അൺ എയ്ഡഡ് മേഖലയിൽ ചോദിച്ചവർക്കെല്ലാം സ്കൂൾ അനുവദിച്ച് സ്വകാര്യമേഖലയോടുള്ള താൽപ്പര്യം പ്രകടമാക്കി. ഇതിനെതിരെ 'ഭരണാനുകൂല സംഘടനകൾ ഉൾപ്പെടെ 32 ദിവസം സമരം നടത്തിയതും ആരും മറന്നിട്ടില്ല. കേരളത്തിലെ പണം അന്യസംസ്ഥാനങ്ങളിലേക്ക് പോകുന്നു എന്ന കാരണം പറഞ്ഞ് സ്വാശ്രയമേഖലയിൽ പ്രൊഫഷണൽ കോളേജുകൾ തുടങ്ങിയതും ഇക്കാലത്താണ്. രണ്ട് സ്വാശ്രയ കോളേജ് ഒരു സർക്കാർ കോളേജായിരിക്കുമെന്നായിരുന്നു വീരവാദം. എന്നാൽ, മാനേജർമാരുമായി ഒരു ഉടമ്പടിയും ഉണ്ടാക്കാതെ ഒരു നിയമനിർമാണവും നടത്താതെ സ്വാശ്രയ കോളേജുകൾ തുടങ്ങാൻ അനുമതി കൊടുത്തപ്പോൾ, മാനേജർമാർ പ്രവേശനവും ഫീസുമെല്ലാം തങ്ങൾ നിശ്ചയിക്കുമെന്ന ധാർഷ്ട്യത്തിലെത്തി. എന്നാൽ, എൽഡിഎഫ് സർക്കാർ അധികാരത്തിലെത്തിയപ്പോൾ സ്വാശ്രയമേഖല നിയന്ത്രിക്കാൻ നിയമനിർമാണം ഉൾപ്പെടെ നടത്തി. യുഡിഎഫ് നിയമത്തിനെതിരെ സമരം നയിക്കുകയാണ് ചെയ്തത്. അധ്യാപകനെ ചവിട്ടിക്കൊന്നതും പാവപ്പെട്ട കുട്ടികൾക്ക് പഠിക്കേണ്ട പതിനായിരക്കണക്കിന് പാഠപുസ്തകങ്ങൾ റോഡിലിട്ട് കത്തിച്ചതും മറക്കാറായിട്ടില്ല. കഴിഞ്ഞ യുഡിഎഫ് സർക്കാരാകട്ടെ പൊതുവിദ്യാഭ്യാസ മേഖലയെ പൂർണമായും തകർത്ത് സ്വകാര്യകച്ചവടക്കാർക്ക് തീറെഴുതിക്കൊടുക്കുകയാണ് ചെയ്തത്. അധികാരമേറ്റ ആദ്യനാളുകളിൽതന്നെ നയം വ്യക്തമാക്കി. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ നിയമനത്തിൽ വലിയ വിവാദങ്ങൾതന്നെ ഉണ്ടായി. യൂണിവേഴ്സിറ്റികളുടെ സ്ഥലം സ്വകാര്യവ്യക്തികൾക്ക് പതിച്ചുനൽകി. ഓണപ്പരീക്ഷ കഴിഞ്ഞിട്ടും പാഠപുസ്തകം ലഭിക്കാത്ത അവസ്ഥ, എസ്എസ്എൽസി ഫലപ്രഖ്യാപനത്തിലെ അട്ടിമറി,

യൂണിഫോം വിതരണത്തിലെ പാളിച്ചയും അഴിമതിയും, ആർഎംഎസ്എ-എസ്എസ്എ എന്നിവയിലെ വ്യാപകമായ അഴിമതികൾ, ഹയർ സെക്കൻഡറി സ്കൂളുകളും ബാച്ചുകളും അനുവദിച്ചതിലൂടെ മന്ത്രിമാർ ഉൾപ്പെടെ നടത്തിയ കോടികളുടെ അഴിമതി, അധ്യാപക സ്ഥലംമാറ്റത്തിനുപോലും കൈക്കൂലി, കോടിക്കണക്കിന് രൂപ വാങ്ങി ആയിരക്കണക്കിന് സിബിഎസ്ഇ അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകൽ, സ്കൂൾ മാനേജർമാരോടൊപ്പം ചേർന്ന് വിദ്യാലയങ്ങൾ അടച്ചുപൂട്ടാൻ അനുമതി നൽകൽ എന്നിങ്ങനെ പൊതുവിദ്യാലയങ്ങളുടെ വിശ്വാസ്യത തകർക്കാൻ യുഡിഎഫ് സർക്കാർ നടത്തിയ ചെയ്തികൾക്ക് ഒട്ടേറെ ഉദാഹരണം ചൂണ്ടിക്കാണിക്കാനാകും.

യുഡിഎഫ് സർക്കാർ അടച്ചുപൂട്ടാൻ തീരുമാനിച്ച നാല് വിദ്യാലയം ഏറ്റെടുത്താണ് എൽഡിഎഫ് സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് തുടക്കംകുറിച്ചത്. അഞ്ചുവർഷംകൊണ്ട് 7000 കോടി രൂപ പൊതുവിദ്യാഭ്യാസ മേഖലയുടെ സംരക്ഷണത്തിനായി ചെലവഴിക്കാൻ തീരുമാനിച്ചു. ഈവർഷംതന്നെ കേരളത്തിലെ 45,000 ക്ളാസ്മുറി ഹൈടെക്കാകുകയാണ്. പൈലറ്റ് പ്രോജക്ടായി നാലു മണ്ഡലങ്ങളിൽ അധ്യയനവർഷാരംഭത്തിൽതന്നെ ഈ നിലയിൽ പ്രവർത്തനസജ്ജമാകും. ഓരോ നിയോജകമണ്ഡലത്തിലും ഒരു വിദ്യാലയം മികവിന്റെ കേന്ദ്രമാകുന്നു. വരുംവർഷങ്ങളിൽ മുഴുവൻ വിദ്യാലയങ്ങളും ഇങ്ങനെയാക്കി മാറ്റാനാണ് തീരുമാനം. 1000 കോടി രൂപയാണ് ഇതിന് വകയിരുത്തിയത്. കൂടുതൽ കുട്ടികളുള്ള സർക്കാർ വിദ്യാലയങ്ങൾക്ക് അതിന്റെ ഭൌതികസാഹചര്യം മെച്ചപ്പെടുത്താൻ മൂന്നുകോടി രൂപവീതം നൽകും. എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചരിത്രത്തിൽ ആദ്യമായി സർക്കാർ ഫണ്ട് അനുവദിച്ചിരിക്കുന്നു. 200 വർഷം പിന്നിട്ട സർക്കാർ എയ്ഡഡ് സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കാനുള്ള തീരുമാനവും ആവേശകരമാണ്. ഹയർ സെക്കൻഡറി മേഖലയിൽമാത്രം രണ്ടായിരത്തഞ്ഞൂറിലേറെ പുതിയ തസ്തികകൾ അനുവദിക്കും. കഴിഞ്ഞ അഞ്ചുവർഷവും ഒരു തസ്തികയും സ്കൂൾമേഖലയിൽ അംഗീകരിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാലായിരത്തിലധികം തസ്തികകൾക്ക് അംഗീകാരം നൽകി. എല്ലാ വിദ്യാലയങ്ങളിലും ജൈവവൈവിധ്യ പാർക്കും ഓരോ മണ്ഡലത്തിലും വിദ്യാർഥികൾക്കായി കലാകായിക പാർക്കും സ്ഥാപിക്കാനാണ് തീരുമാനം.

മണ്ഡലത്തിൽ ഒന്നുവീതം നീന്തൽക്കുളം, ഓട്ടിസം ബാധിച്ച കുട്ടികൾക്ക് മികച്ച പരിശീലനത്തിന് ഓട്ടിസം പാർക്കുകൾ, കേരളത്തിലെ എല്ലാ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകൾക്കും ഹൈ സ്പീഡ് ഇന്റർനെറ്റ് കണക്ഷൻ, ഉച്ചഭക്ഷണ വിതരണത്തിന് മതിയായ ഫണ്ട് (640 കോടി) സ്കൂളുകൾ കേന്ദ്രീകരിച്ച് 1000 കലാകാരന്മാർക്ക് ഫെലോഷിപ്, 200 പഞ്ചായത്തുകൾക്ക് ഭിന്നബുദ്ധിശേഷിയുള്ള കുട്ടികൾക്കായി ബഡ്സ് സ്കൂളുകൾ, ഉപകരണങ്ങൾക്കായി 40 കോടിയുടെ വകയിരുത്തൽ, പട്ടികജാതി- വർഗ പെൺകുട്ടികൾക്ക്

വാത്സല്യനിധി തുടങ്ങി കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിൽ നിരവധി പ്രവർത്തനങ്ങൾക്കാണ് സർക്കാർ തുടക്കമിട്ടത്. ഈ അധ്യയനവർഷം പത്ത് ശതമാനം കുട്ടികൾ അധികമായി പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേരണമെന്ന ലക്ഷ്യമിട്ടാണ് സർക്കാർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കാനും മുഴുവൻ വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും വിദ്യാഭ്യാസ സംരക്ഷണയജ്ഞം പ്രഖ്യാപിച്ചിരിക്കുകയാണ്. അധ്യാപകരും വിദ്യാർഥികളും രക്ഷിതാക്കളും പൊതുസമൂഹമാകെത്തന്നെയും ഈ യത്നത്തിൽ പങ്കാളികളാകണം. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഇനി നമുക്ക് അടിയന്തരമായി ഏറ്റെടുക്കേണ്ടത്.

പൊതുവിദ്യാലയങ്ങൾ മെച്ചപ്പെടുത്താൻ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി മുന്നോട്ടുപോകുമ്പോൾത്തന്നെ പ്രതിലോമകരങ്ങളായ നിലപാടുകൾകൊണ്ട് അതിനെ തുരങ്കംവയ്ക്കാൻ തൽപ്പരകക്ഷികൾ മുന്നോട്ടുവരുന്നുണ്ട്. അൺ എയ്ഡഡ് ലോബികൾ, ഗൈഡ് ലോബികൾ, മതസാമുദായിക ശക്തികൾ, കച്ചവടതാൽപ്പര്യം മാത്രമുള്ള ചില മാനേജ്മെന്റുകൾ, വിദ്യാഭ്യാസ വ്യവസായികൾ എന്നിവരെല്ലാം ഇതിനായി ഒത്തുകൂടിയിരിക്കുന്നു. മാധ്യമങ്ങളെ ഉപയോഗിച്ച് നടത്തിയ പ്രചാരണം പൊതുവിദ്യാഭ്യാസ മേഖലയെ രക്ഷിക്കാനുള്ളതല്ല, മറിച്ച് ഇത്തരം ശക്തികളെ സഹായിക്കാൻവേണ്ടിമാത്രമാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ചില അധ്യാപകസംഘടനകളും വിദ്യാർഥിസംഘടനകളും ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. അധ്യാപക ശാക്തീകരണത്തിനുവേണ്ടി നടത്തിയ ക്ളസ്റ്ററുകൾ ചില സംഘടനകൾ ബഹിഷ്കരിക്കാൻ തീരുമാനിച്ചതും ഇതേ ലക്ഷ്യംവച്ചുതന്നെയാണ്. എന്നാൽ, എല്ലാ അധ്യാപകരും (പ്രതിപക്ഷസംഘടനകളിൽ അംഗത്വമെടുത്തവർ ഉൾപ്പെടെ) ഈ ക്ളസ്റ്ററിൽ പങ്കെടുത്തത് ബഹിഷ്കരണപ്രഖ്യാപനം അവർ ചെവിക്കൊണ്ടില്ല എന്നതിനാലാണ്. പൊതുവിദ്യാഭ്യാസ മേഖല നന്നാകണമെന്നും തങ്ങളുടെ സ്കൂളുകളിൽ കുട്ടികൾ വർധിക്കണമെന്നും അവർ ആഗ്രഹിക്കുന്നു

പൊതുവിദ്യാലയങ്ങൾ തകരുന്നത് അധ്യാപകസമൂഹത്തിന്റെ മാത്രം പ്രശ്നമല്ല. ഒരു ഭാഗത്ത് സമൂഹത്തെയാകെ വർഗീയമായി ധ്രുവീകരിക്കാനും പൊതു ഇടങ്ങൾ ഇല്ലാതാക്കാനുമുള്ള ശ്രമം നടന്നുവരുന്നു. മതനിരപേക്ഷത തകർത്തുകൊണ്ടേ അവർക്കിത് സാധ്യമാകൂ. കേരളത്തിന്റെ സമഗ്രമാറ്റത്തിന് അടിത്തറയാകേണ്ട പൊതുവിദ്യാഭ്യാസ മേഖല, എല്ലാ അർഥത്തിലും മികവുറ്റതാക്കാൻ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിജയിപ്പിക്കാൻ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തണം

( *Taken form Dhesabhimani daily on April 18, 2017* )